


■ ചീട്ടുകളി സംഘത്തിൽനിന്നും പിടിച്ചെടുത്ത പണം.

# വൻ ചീട്ടുകളി സംഘം പിടിയിൽ

പാലക്കാട്: സ്വകാര്യ ലോഡ്ജിൽ പണം വെച്ച് ചീട്ടുകളിച്ച 18 അംഗ സംഘം പിടിയിൽ. കഴിഞ്ഞ ദിവസം അർധരാത്രി ബി.പി.എൽ. കൂട്ടുപാതയിലെ സ്വകാര്യ ലോഡ്ജിൽ ഡാൻസാഫ് സ്ക്വാഡും കസബ പോലീസും സംയുക്തമായി നടത്തിയ പരിശോധനയിലാണ് ചീട്ടുകളി സംഘത്തെ പിടികൂടിയത്.

സംഘത്തിൽനിന്നും 3,62,000 രൂപയും പിടിച്ചെടുത്തു. മലപ്പുറം, പാലക്കാട്, പിരായിരി, ഒറ്റപ്പാലം, കോങ്ങാട് സ്വദേശികളാണ് പ്രതികൾ. ഇവർക്കെതിരെ കസബ പോലീസ് കേസ് രജിസ്റ്റർ ചെയ്തു. ജില്ലാ പോലീസ് മേധാവി ആർ. വിശ്വനാഥിന് ലഭിച്ച രഹസ്യ വിവരത്തെ തുടർന്ന് പാലക്കാട് ഡിവൈ.എസ്.പി: വി.കെ. രാജു, നർകോട്ടിക് സെൽ ഡിവൈ.എസ്.പി: സി.ഡി. ശ്രീനിവാസൻ എന്നിവരുടെ നിർദേശപ്രകാരം കസബ സബ് ഇൻസ്പെക്ടർ സദാശിവൻ, എസ്.സി.പി.ഒ. അജീഷ്, ഹോം ഗാർഡ് മുരളീധരൻ, ഡാൻസാഫ് സ്ക്വാഡ് അംഗങ്ങളായ ടി.ആർ. സുനിൽ കുമാർ, റഹിം മുത്തു, സൂരജ് ബാബു, കെ. അഹമ്മദ് കബീർ, കെ. ദിലീപ്, ആർ. രാജീദ് എന്നിവരടങ്ങിയ സംഘമാണ് ചീട്ടുകളി സംഘത്തെ പിടികൂടിയത്.